**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4864** **11-08-2021 - ൽ മറുപടിയ്ക്ക്**

**ജയിൽ തടവുകാരുടെ കുറ്റകൃത്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ജയിൽ തടവുകാർ സ്വർണ്ണക്കടത്ത്, കവർച്ച, ക്വട്ടേഷൻ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | ജയിൽ തടവുകാർ സ്വർണ്ണക്കടത്ത്, കവർച്ച, ക്വട്ടേഷൻ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നുവെന്നതിന് ഔദ്യോഗിക രേഖകളൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | ജയിലുകളിൽ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; | (ബി) | ജയിൽ ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ള മിന്നൽ പരിശോധനയിൽ ഒളിപ്പിച്ച നിലയിൽ മൊബൈൽ ഫോണുകൾ കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത സാഹചര്യങ്ങളിൽ ജയിൽ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികളും കേസ് രജിസ്റ്റർ ചെയ്തു നിയമ നടപടികളും സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | ജയിലുകളിൽ ഔദ്യോഗിക ഫോൺ ദുരുപയോഗം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (സി) | ഇല്ല. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ പ്രതിയായ ഒരാൾ ജയിലിലെ തടവുകാർക്കുള്ള ഫോൺ ഉപയോഗിച്ച് ടിയാന്റെ ഭാര്യയെ വിളിച്ചപ്പോൾ കോൾ കോൺഫറൻസിങ് മുഖേന ഫോൺ സൗകര്യം ദുരുപയോഗം ചെയ്തെന്ന് ടി കേസുമായി ബന്ധപ്പെട്ട അന്വേഷണ ഏജൻസി മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്. |
| (ഡി) | ജയിൽ തടവുകാർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | ജയിൽ തടവുകാർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പാക്കാൻ ഡ്യൂട്ടി ഉദ്യോഗസ്ഥരുടെ കൃത്യമായ നിരീക്ഷണം ഉറപ്പുവരുത്തുന്നു. 24 മണിക്കൂറും തടവുകാരും ജയിൽ പരിസരവും CCTV സംവിധാനത്തിന്റെ സൂക്ഷ്മ നിരീക്ഷണത്തിലാണ്. തടവുകാരും സന്ദർശകരും തമ്മിലുള്ള കൂടിക്കാഴ്ചകൾ കുറ്റമറ്റരീതിയിൽ നടത്തുന്നതിന് ആധുനിക സംവിധാനങ്ങളായ വിസിറ്റേഴ്സ് കമ്മ്യൂണിക്കേഷൻ സിസ്റ്റം, CCTV സംവിധാനം എന്നിവ ഉൾപ്പെടുത്തി ആധുനിക ഇന്റർവ്യൂ ഹാൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോൺ സൗകര്യം തടവുകാർ ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് കൂടുതൽ ഡ്യൂട്ടി |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരെ നിയോഗിച്ച് അടുത്ത് നിരീക്ഷിക്കുകയും തടവുകാരുടെ ഫോൺ സന്ദേശങ്ങൾ ആധുനിക കോൾ റിക്കോർഡിങ് സംവിധാനം ഉപയോഗിച്ച് റിക്കോർഡ് ചെയ്തു സൂക്ഷിക്കുകയും ചെയ്യുന്നു. ജയിലിൽ നടക്കുന്ന വിവിധ തൊഴിൽ പരിശീലനങ്ങൾ, ബോധവത്കരണ ക്ലാസുകൾ, യോഗ ക്ലാസുകൾ തുടങ്ങിയവയിൽ എല്ലാ അന്തേവാസികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ജയിൽ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ നിരീക്ഷണം ഏർപ്പെടുത്തുവാനും സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കാനും ഡ്യൂട്ടി സ്ഥലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് തടവുകാരുടെ നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ